# വെള്ളക്കൊറ്റികൾ

● അനീസ നാസർ തറോൽ





വയലിന്റെ വിരിമാറിൽ
വരവുണ്ടേ പതിവായ്
വെള്ളയുടുപ്പുകളാൽ
അഴകേറും കൊക്കുകൾ
ഹരമേറും കാഴ്ചയിത്
നിര നിരയായ് വരവുണ്ടേ!
ചിരിയുണ്ടാ ചുണ്ടുകളിൽ
വയലോരത്തണയുമ്പോൾ

മന്ദാര മലരിന്റെ
മൊഞ്ചുള്ള വെളുപ്പാണേ
മലരിതളിന്നഴക് പരത്തി
വിടരുന്ന ചിറകുകളും!
കഴലുകൾ, കഴുത്തും ചുണ്ടും
കാണാനുണ്ടേറെ നീളം!

കൊറ്റികൾ എത്തീ വയലിൽ
കൊത്തിപ്പെറുക്കീടാനായ്
പച്ചപ്പിന്നഴകൊഴുകീടും
ഭംഗിയാൽ തിങ്ങിയ വയലിൽ
തങ്ങീടുന്നഴകുള്ള കൊക്കുകൾ
നിന്നീടുന്നൊറ്റക്കാലിൽ!

നോക്കുന്നു കൊക്കുകൾ വയലിൽ
അവിടെവിടോ മീനുകളുണ്ടോ
നീളത്തിലുള്ളൊരു ചുണ്ടാൽ
തരം നോക്കി കൊത്തുന്നുണ്ടേ
നിറയുന്ന കൊക്കുകളാൽ
ഏറുന്നേ വയലിൻ നിറവും
നിറയും മനം കരളൊന്ന് കുളിരും
വയലകം കാണുമീ നേരം!

അഴകേറും കൊക്കുകളെല്ലാം
അകലുന്നേ വയലിൽ നിന്നും
ഹരമേറും കാഴ്ചയിത്
നിര നിരയായ് പറന്നു പോയ്!

▸▸ ഹ്യൂമൺ റൈറ്റ്സ് വാച്ചിന്റെ ആസ്ഥാനം – ന്യൂയോർക്ക്